13-05-2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–13/05/2023.

1. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി. പി. സി. ആർ. ഐ). കായംകുളം പ്രാദേശിക കേന്ദ്രത്തിന്റെ 75 -ാം വാർഷികാഘോഷങ്ങളുടെ (കല്പവജ്ര) സമാപന സമ്മേളനം ഇന്നും നാളെയുമായി (മെയ് 13, 14) നടത്തുന്നു. കായംകുളം പ്രാദേശിക കേന്ദ്രം പുറത്തിറക്കിയ തെങ്ങിന്റെ സൂക്ഷ്മ മൂലക വള മിശ്രിതങ്ങളുടെ സാങ്കേതിക വിദ്യാ കൈമാറ്റം, തെങ്ങിന്റെ നവീകരിച്ച ഗ്രൗണ്ട് പോളിനേഷൻ ടൂൾ കിറ്റിന്റെയും നവീന പരീക്ഷണ ശാലകളുടെയും ഉൽഘാടനം, പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സി. പി. സി. ആർ. ഐ. തെങ്ങിനങ്ങളുടെ പ്രത്യേക ബ്ലോക്കിന്റെ നടീൽ ഉത്ഘാടനം, പനയുടെ ജനിതക മേന്മ വിലയിരുത്തലിനായി പുതുതായി ആരംഭിക്കുന്ന പനകളുടെ ശേഖരണത്തിന്റെ സമാരംഭം, വിവിധ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം, കാറ്റുവീഴ്ച ബാധിത മേഖലയിലെ ഏറ്റവും മികച്ച നാളികേര കർഷകർക്കുള്ള 'കല്പ വജ്ര' അവാർഡ് പ്രഖ്യാപനം എന്നിവ ഉണ്ടായിരിക്കുന്നതാണ്. കിഴങ്ങുവർഗ്ഗ വിളകൾ, സുഗന്ധ വ്യഞ്ജനങ്ങൾ, വാഴ, നാളികേരം, അടക്ക, കൊക്കോ എന്നിവയുടെ സംസ്കരണം, മൂല്യ വർദ്ധിത ഉത്പാണ നിർമ്മാണം എന്നീ വിഷയങ്ങളിൽ അതാത് ഐ. സി. എ. ആർ. ഗവേഷണ സ്ഥാപനങ്ങളിലെ വിദഗ്ധർ നയിക്കുന്ന ക്ളാസ്സുകൾ ഉൾപ്പെടുത്തിയ കാർഷിക സെമിനാറും, കർഷക-ശാസ്ത്രജ്ഞ മുഖാമുഖവും മെയ് 13 ന് ഉണ്ടായിരിക്കുന്നതാണ്. മെയ് 14 ഞായറാഴ്ച നടക്കുന്ന പ്ലാറ്റിനം ജൂബിലി (കല്പ വജ്ര) യെ സൂചിപ്പിക്കുന്ന 75 തെങ്ങിൻ തൈകൾ ഉൾക്കൊള്ളുന്ന പുതിയ ബ്ലോക്കിന്റെ നടീൽ ഉത്ഘാടനവും ഉത്പാദനോപാധികളുടെ ഡീലർമാർക്കായി നടത്തിയ ഒരുവർഷം നീണ്ട് നിന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റ് വിതരണം എന്നിവയും ഉണ്ടായിരിക്കുന്നതാണ്. കാർഷിക വിളകളുടെ വിത്തുകൾ, തൈകൾ, വളങ്ങൾ, കീടനാശിനികൾ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, അലങ്കാര മത്സ്യങ്ങൾ, മത്സ്യകൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ എന്നിവയുടെ പ്രദർശനവും വിപണനവും ചെയ്യുന്ന സ്റ്റാളുകൾ മേളയിൽ ഉണ്ടായിരിക്കുന്നതാണ്

2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടിക്കൾച്ചർ റിസർച്ചിന്റെ (ഐ.സി.എ.ആർ.) സാങ്കേതിക സഹായത്തോടെ സംസ്ഥാന കൃഷിവകുപ്പ് - സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് വെർട്ടിക്കൽ മാതൃകയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഒരു സ്ക്വയർ മീറ്റർ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിസ്തൃതിയിൽ സ്ഥാപിക്കാൻ കഴിയുന്ന 4 അടുക്കുകളുള്ള അർക്ക വെർട്ടിക്കൽ ഗാർഡൻ സ്ട്രക്ച്ചറിനൊപ്പം 16 ചെടിച്ചട്ടികൾ, 80 കിലോഗ്രാം പരിപോഷിപ്പിച്ച നടീൽ മാധ്യമം (ചകിരിച്ചോർ), ചീര, മുളക്, പാലക്ക്, മല്ലി, കത്തിരി, തക്കാളി തുടങ്ങിയ വിളകളുടെ വിത്ത്, സസ്യ പോഷണ സംരക്ഷണ പദാർത്ഥങ്ങൾ, 25 ലിറ്റർ സംഭരണശേഷിയുള്ള തുള്ളിനന സൗകര്യം എന്നിവ ഉണ്ടായിരിക്കുന്നതാണ്. ചക്രങ്ങൾ ഘടിപ്പിച്ചിട്ടുള്ളതിനാൽ സൂര്യപ്രകാശ ലഭ്യതയ്ക്കനുസരിച്ച് സ്ഥാനം മാറ്റാവുന്നതാണ്. 22100/- രൂപ ആകെ ചിലവ് വരുന്ന ഒരു യൂണിറ്റ് അർക്ക വെർട്ടിക്കൽ ഗാർഡൻ 10525/- രൂപ ധനസഹായത്തോടെയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക. https://serviceonline.gov.in/ എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഗുണഭോക്തൃവിഹിതമായ 11575/- രൂപ അപേക്ഷയോടൊപ്പം ഓൺലൈനായി മുൻകൂർ അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള പി.ഒ., പാളയം, തിരുവനന്തപുരം** എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുകയോ, www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

3. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

4. ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിൽ റെഡ് നേപ്പിയർ, സൂപ്പർ നേപ്പിയർ പുൽവിത്തിനങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9745545344 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

5. പിലിക്കോട് ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, ഉത്പാദിപ്പിച്ച ടി x ഡി സങ്കരയിനം തെങ്ങിൻ തൈകൾ തൈ ഒന്നിന് 300 രൂപ നിരക്കിൽ ഒരു റേഷൻ കാർഡിന് 3 എണ്ണം വീതം വിതരണം ചെയ്യുന്നു. അപേക്ഷകർ വെള്ളക്കടലാസിൽ പൂരിപ്പിച്ച അപേക്ഷയോടൊപ്പം റേഷൻ കാർഡിന്റെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പകർപ്പും മേൽവിലാസം സഹിതമുള്ള മടക്കപോസ്റ്റ് കാർഡും സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 25. വിതരണം ജൂൺ മാസം ആദ്യവാരം മുതൽ അരംഭിക്കും. കൂടുതൽ വിവരങ്ങൾക്കായി **8547891632** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2023 മെയ് 15, 16 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിത കമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടേണ്ടതാണ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം